7257/2012

Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

TRANSPORT COMMISSIONERATE KERALA
RECEIVED ON 02 APR 2012
TC | Addl TC | Secy STA | DTC (T) | A.O | F.O | L.O

GOVERNMENT OF KERALA

നം.3361/സി2/2011/ഗതാഗതം

ഗതാഗത (സി) വകുപ്പ്
തിരുവനന്തപുരം തീയതി 30.03.2012

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

ഗതാഗത കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം ഗതാഗത വകുപ്പ്- അച്ചടക്ക നടപടി രേഖകൾ പരിശോധിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേയ്ക്ക് നേരിട്ട് അയയ്ക്കുന്നത് - സംബന്ധിച്ച്

1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥർക്ക് കുറ്റപത്രത്തിനും കുറ്റാരോപണ പത്രികയ്ക്കും ആധാരമായ രേഖകൾ പരിശോധിക്കുന്നതിനും പകർത്തി എഴുതുന്നതിനും, കുറ്റ പത്രവും കുറ്റാരോപണ പത്രികയും കൈപ്പറ്റുന്ന തീയതി മുതൽ, പതിനഞ്ച് ദിവസത്തിനകം അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻകൂറായി അനുമതി നൽകുന്നതനുസരിച്ച് അവകാശം ഉണ്ട്. ഇക്കാര്യം കുറ്റപത്രത്തിൽ തന്നെ രേഖപ്പെടുത്തിക്കൊണ്ടാണ് കുറ്റപത്രം നൽകുന്നത്. ടി നിർദ്ദേശം പാലിക്കാതെ കുറ്റാരോപിതർ രേഖകൾ പരിശോധിക്കുന്നതിനുള്ള അപേക്ഷ ഓഫീസ് മേധാവി, ഗതാഗത കമ്മീഷണർ എന്നിവർ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. ഇതു മൂലം യഥാസമയം രേഖകൾ പരിശോധിക്കുന്നതിനും പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനും സാധിക്കാതെ വരുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ സമയം ദീർഘിപ്പിച്ചു നൽകേണ്ടുന്ന അവസ്ഥ ഉണ്ടാകുകയും 30 ദിവസം മുതൽ 60 ദിവസം വരെ ദീർഘിക്കുന്ന കാലതാമസം ഉണ്ടാകുകയും ചെയ്യുന്നു. ഒന്നിലധികം ഉദ്യോഗസ്ഥർ കുറ്റാരോപിതരായിട്ടുള്ള കേസ്സുകളിൽ നടപടിക്രമം പൂർത്തീകരിക്കാൻ തന്നെ വളരെയേറെ താമസം വരികയും അച്ചടക്ക നടപടികളിൽ തുടർ നടപടി സ്വീകരിച്ച് അത് തീർപ്പാക്കുന്നതിന് മാസങ്ങളും ചിലപ്പോൾ വർഷങ്ങളും വേണ്ടി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ കുറ്റ പത്രത്തിന് ആധാരമായ രേഖകൾ പരിശോധിക്കുന്നതിനുള്ള അപേക്ഷകൾ കുറ്റാരോപിതർക്ക് ഇനിമേൽ സർക്കാരിന് നേരിട്ട് നൽകാവുന്നതാണ്. കുറ്റപത്രത്തിന്റെയും, കുറ്റാരോപണ പത്രികയുടെയും പകർപ്പ് (കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടുള്ളത്) സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. രേഖകൾ പരിശോധിക്കുന്നതിനുള്ള അപേക്ഷകൾ നേരിട്ട് സർക്കാരിൽ സമർപ്പിക്കാനുള്ള അനുമതി നൽകിയിട്ടുള്ള

സാഹചര്യത്തിൽ യഥാസമയം ലഭിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ലെന്നും കാലതാമസത്തിന് ഒഴിവാക്കാൻ പറ്റാത്ത എന്തെങ്കിലും കാരണമുണ്ടെങ്കിൽ അത് തെളിയിക്കുന്നതിനുള്ള രേഖകൾ കൂടി സമയം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഇക്കാര്യം മോട്ടോർ വാഹന വകുപ്പിലെ എല്ലാ ജീവനക്കാരെയും അറിയിക്കുന്നതിനായി എല്ലാ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, ആർ.ടി.ഓഫീസർമാർക്കും, ജോയിന്റ് ആർ.ടി.ഒ.മാർക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ